**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5492** **05-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; പ്ലാൻ ഫണ്ടിൽ നിന്നും ഇതിനു വേണ്ടി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; ഇതിനകം ഏതെല്ലാം മണ്ഡലങ്ങളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യ ഘട്ടത്തിൽ 124 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 18.10.2023-ലെ സ.ഉ.(സാധാ.) നം.305/2023/കാ.യു.വ. പ്രകാരം 120 കളിസ്ഥലങ്ങൾക്ക് 60 കോടി രൂപയുടെ (സർക്കാർ വിഹിതം) സമഗ്ര ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | മലപ്പുറം മണ്ഡലത്തിൽ ഈ പദ്ധതി മുഖേന നടപ്പാക്കുന്ന ഇരുമ്പുഴി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ; | (ബി) | ഇല്ല.<br>എം.എൽ.എ. ഫണ്ട് വിഹിതം എത്രയാണെന്നുള്ള വിവരം ലഭ്യമായാൽ തത്തുല്യമായ പ്ലാൻ ഫണ്ട് വിഹിതവും (50 ലക്ഷം രൂപയിൽ അധികരിക്കാതെ) ചേർത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കളിക്കളം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ